# ശബരിമലയിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും സംരക്ഷിക്കാൻ സർക്കാർ ഇനിയെങ്കിലും തയ്യാറാകണം

കേരളാ ഹൈക്കോടതിയുടെ ഇപ്പോഴത്തെ ഇടക്കാല ഉത്തരവ് നടപ്പാക്കുകവഴിയെങ്കിലും ശബരിമലസന്നിധാനത്തേക്കുള്ള തീർത്ഥാടകരുടെ വരവ് പഴയപടിയിലേക്ക് എത്താനുള്ള സാധ്യത കാണുന്നുണ്ട്. ശബരിമലയിലെ യുവതീപ്രവേശനം സംബന്ധിച്ച് ക്രമസമാധാനത്തിന്റെ പേരിൽ പോലീസ് ഒരുക്കിയ നിയന്ത്രണങ്ങളിൽ ഭക്തജനങ്ങൾ ഭയന്നാണ് ഇത്തവണ സന്നിധാനത്തേക്ക് പതിവുപോലെ വരാതായത്. എത്തിയ ഭക്തജനങ്ങളാകട്ടെ, അനുഭവിക്കേണ്ടിവരുന്ന കഷ്ടനഷ്ടങ്ങൾ വിവരണാതീതവുമാണ്.

മല കയറുന്നതിനു മുമ്പ് വാഹനനിയന്ത്രണം, പോലീസിന്റെ പാസ് പരിശോധന, മെറ്റൽ ഡിറ്റക്ടർ മുഖേനയും അല്ലാതെയുമുള്ള സർവാംഗപരിശോധന - ഇതെല്ലാം കടന്ന് സന്നിധാനത്തെത്തി, പടി ചവിട്ടി തൊഴുതിറങ്ങി ഒന്നു കുത്തിയിരിക്കാനോ വിശ്രമിക്കാനോ പോലും ഇടമില്ലാത്ത അവസ്ഥ, അവർക്ക് വിരിവയ്ക്കാനും നാമംജപിക്കാനും ഉള്ള ഇടമായ വലിയനടപ്പന്തലിലേക്ക് പ്രവേശനം ഇല്ലായ്മ എന്നിവയൊക്കെയാണ് ഭക്തജനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ. രാത്രിയിൽ സന്നിധാനത്തെത്തുന്ന ഭക്തർക്ക് പിറ്റേന്ന് രാവിലെ നെയ്യഭിഷേകം നടത്തുന്നതുവരെ വൃത്തിഹീനമായ സ്ഥലങ്ങളിൽ കഴിച്ചുകൂട്ടേണ്ടിവരുന്നു എന്നതാണ് മറ്റൊരു ദുരവസ്ഥ. അങ്ങനെയുള്ള സ്ഥലത്തിരുന്ന്, ഹരിവരാസനംപാടി നട അടയ്ക്കുന്നതുവരെ, ശരണംവിളിക്കാമെന്നു വിചാരിച്ചാൽ അതിനും വിലക്ക് കല്പിച്ചിരിക്കുകയാണ്. വാവരുസ്വാമിയുടെ നടയിൽ പ്രവേശിച്ച് ദർശനം നടത്തുന്നതിനും യഥേഷ്ടം മറ്റു വഴിപാടുകൾ നടത്തുന്നതിനും പോലീസ് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയുമാണ്.

കുടിക്കാൻ വെള്ളമോ, കഴിക്കാൻ ഭക്ഷണമോ, പ്രാഥമികസൗകര്യങ്ങളോ ഇല്ലാതെ വലയേണ്ടിവരുന്ന സാഹചര്യങ്ങൾ ഭക്തജനങ്ങളെ ശബരിമലതീർത്ഥാടനത്തിൽനിന്നും വിട്ടുനില്ക്കാൻ പ്രേരിപ്പിക്കുന്ന അവസ്ഥ സംജാതമാക്കി എന്നുതന്നെ പറയാം.

ശബരിമല ഇപ്പോഴും പോലീസിന്റെ പൂർണ്ണനിയന്ത്രണത്തിൽതന്നെ. അവരിൽ പലരും അവിടെ വരുന്ന ഭക്തജനങ്ങളെ കാണുന്നത് ഭീകരവാദികളെ പോലെയാണ്. ഭക്തജനങ്ങൾക്കു വേണ്ടി പറയാൻ അവിടെ ഇപ്പോൾ ആരുമില്ലാത്ത അവസ്ഥ. അതിനു ചുമതലപ്പെട്ട ദേവസ്വം ബോർഡിലെ ഉത്തരവാദിത്വപ്പെട്ടവരെപോലും അവിടെ കാണാനുമില്ല. അവിടെയെത്തുന്ന ഭക്തജനങ്ങൾ യഥാർത്ഥത്തിൽ കഷ്ടപ്പാടുകളുടെ ഇടയിൽ നട്ടംതിരിയുകയാണ്.

നൂറ്റാണ്ടുകളായി മണ്ഡല-മകരവിളക്കുകാലത്തായാലും മാസപൂജകൾ നടക്കുമ്പോഴായാലും ലക്ഷക്കണക്കിന് ഭക്തജനങ്ങൾ സ്വയം നിയന്ത്രിച്ച് സന്നിധാനത്തെത്തി ദർശനം നടത്തി, ഹരിവരാസനംചൊല്ലിയും നെയ്യഭിഷേകം നടത്തിയും തൊഴുതുമടങ്ങുന്ന പരിപാവനമായ ഈ ദേവാലയത്തിന് ഇന്ന് എന്തുപറ്റിയെന്ന് വിശ്വാസിസമൂഹം ഹൃദയംപൊട്ടി കേഴുകയാണ്. അന്നത്തെ പോലീസ് ഏതു സാഹചര്യത്തിലും ഭക്തർക്ക് സഹായകരമായിരുന്നെങ്കിൽ, ഇന്നത്തെ പോലീസ് ഭക്തർക്ക് മാർഗ്ഗതടസം ഉണ്ടാക്കാനും അവരെ കേസിൽ കുടുക്കാനും ശിക്ഷിക്കാനുമുള്ള ശ്രമമാണ് നടത്തിവരുന്നത് എന്നാണ് അനുഭവസ്ഥർ പറയുന്നത്.

ഇതൊക്കെ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ ഇതിന്റെ ഉത്തരവാദികൾ ആരെന്നു ചോദിച്ചുപോവുകയാണ്. ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിച്ച് വിശ്വാസിസമൂഹത്തിന്റെ വിശ്വാസം നിലനിർത്താനുള്ള ബാദ്ധ്യത സംസ്ഥാന സർക്കാരിനില്ലേ? ഒരു നിയമവും തെറ്റിക്കാതെതന്നെ അത് ചെയ്യാൻ സംസ്ഥാനസർക്കാരിന് എന്തെല്ലാം മാർഗ്ഗങ്ങളുണ്ടായിരുന്നു? അതൊന്നും ചെയ്യാതെ, തിടുക്കത്തിൽ ആരോടോ പക തീർക്കുന്നമാതിരി വിശ്വാസികളെ അടിച്ചമർത്താനും ഈശ്വരവിശ്വാസം ഇല്ലാതാക്കാനും ശ്രമിച്ചതല്ലേ ഇതിനെല്ലാം കാരണം?

ഇനിയുമെങ്കിലും, സംസ്ഥാനസർക്കാർ വസ്തുതകളെ കണ്ണുതുറന്നു കാണുവാനും യഥാർത്ഥവിശ്വാസികളുടെ താല്പര്യം സംരക്ഷിക്കാനും തയ്യാറാവുകയാണ് വേണ്ടത്.

**എന്തായാലും, നൂറ്റാണ്ടുകളായി ശബരിമലയിൽ നിലനിന്നുപോരുന്ന ആചാരാനുഷ്ഠാനങ്ങളും ഈശ്വരവിശ്വാസവും സംരക്ഷിക്കുന്നതിലേക്ക് നായർ സർവീസ് സൊസൈറ്റി സ്വീകരിച്ചുവരുന്ന നിലപാടുകൾ തുടരുക തന്നെ ചെയ്യും. അതിന്റെ പിന്നിൽ രാഷ്ട്രീയലക്ഷ്യങ്ങളൊന്നുംതന്നെയില്ല.**